# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5420

01.07.2014-ൽ മറുപടിക്ക്

## സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് വീട് നിർമ്മിച്ച് നൽകാൻ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദു റഹിമാൻ രണ്ടത്താണി: | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഭവനരഹിതർക്ക് വീടുകൾ നിർമ്മിക്കുന്നതിന് ഭവന നിർമ്മാണ ബോർഡു വഴി നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഭവനരഹിതർക്ക് ഭവന നിർമ്മാണ ബോർഡ് മുഖേന സാഫല്യം, ഗൃഹശ്രീ, ഇന്നൊവേറ്റീവ് എന്നീ ഭവന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.<br>ഭൂ-ഭവന രഹിതരായ ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ള ദുർബല വിഭാഗക്കാർക്ക് സർക്കാർ സബ്സിഡിയോടുകൂടി ഫ്ളാറ്റുകൾ നിർമ്മിച്ചു നൽകുന്ന പദ്ധതിയാണ് സാഫല്യം ഭവന പദ്ധതി.<br>ഗൃഹശ്രീ ഭവന പദ്ധതി മുഖേന സ്വന്തമായി 2 സെന്റ്/3 സെന്റ് ഭൂമിയുള്ള ദുർബല വിഭാഗത്തിലെ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്കും (BPL) അല്ലാത്തവർക്കും (APL) താഴ്ന്ന വരുമാന വിഭാഗക്കാർക്കും സന്നദ്ധ സംഘടന/എൻ.ജി.ഒ/കാരുണ്യവാന്മാരായ വ്യക്തികളുടെ സഹകരണത്തോടെ വീട് നിർമ്മാണത്തിനായി സർക്കാർ സബ്സിഡി ലഭ്യമാക്കുന്നു.<br>നഗരത്തിൽ ജോലിചെയ്തു കൊണ്ട് നഗരാതിർത്തിക്കു പുറത്ത് താമസിക്കുവാൻ നിർബന്ധിതരാകുന്ന പാവപ്പെട്ട ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള തൊഴിലാളികൾക്ക് നഗരത്തിൽ താമസ സൗകര്യം ലഭ്യമാക്കുന്നതിനായി നഗരത്തിൽ ഫ്ളാറ്റുകൾ നിർമ്മിച്ച് കുറഞ്ഞ നിരക്കിൽ വാടകയ്ക്ക് ലഭ്യമാക്കുന്ന വാടകവീട് പദ്ധതിയാണ് ഇന്നൊവേറ്റീവ് ഭവന പദ്ധതി. |

| | |
|---|---|
| (ബി) ഈ പദ്ധതികൾക്ക് എവിടെ അപേക്ഷ നൽകണമെന്നും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ; | (ബി) പദ്ധതി നടപ്പിലാക്കുന്ന പഞ്ചായത്തുകൾ സ്ഥിതി ചെയ്യുന്ന ജില്ലയിലെ ഭവന നിർമ്മാണ ബോർഡിന്റെ ജില്ലാ ഓഫീസുകളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കാണ് സാഫല്യം ഭവന പദ്ധതിയ്ക്ക് അപേക്ഷ സമർപ്പിക്കേണ്ടത്.<br>ഗൃഹശ്രീ ഭവന പദ്ധതിക്ക് ഗുണഭോക്താവിനെ സ്പോൺസർ ചെയ്യാൻ തയ്യാറുള്ള സംഘടന/എൻ.ജി.ഒ/കാരുണ്യവാന്മാരായ വ്യക്തികൾ ഭവന നിർമ്മാണ ബോർഡ് സെക്രട്ടറിയ്ക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്.<br>ഇന്നൊവേറ്റീവ് ഭവന പദ്ധതിക്ക് ഫ്ളാറ്റുകൾ വാടകയ്ക്ക് ലഭ്യമാക്കുന്നതിനായി പദ്ധതി നടപ്പിലാക്കിയ ജില്ലയിലെ ഭവന നിർമ്മാണ ബോർഡിന്റെ ജില്ലാ ഓഫീസുകളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്.<br>മേൽപ്പറഞ്ഞ പദ്ധതികളുടെ ഗുണ ഭോക്താവാകുന്നതിന് നിർദ്ദിഷ്ട ഫോമിലുള്ള അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ സംബന്ധിച്ച വിശദാംശം

### (1) ഇന്നൊവേറ്റീവ് ഭവന പദ്ധതി

(i) പാസ്പോർട്ട് സൈസ് ഫോട്ടോ - 2 കോപ്പി.

(ii) തിരിച്ചറിയൽ കാർഡ്/ഡ്രൈവിംഗ് ലൈസൻസ്/ പാസ്പോർട്ട്/ആധാർ എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് അല്ലെങ്കിൽ മാനേജ്മെന്റ് കമ്മറ്റി നിർദ്ദേശിക്കുന്ന രേഖകൾ.

(iii) റെസിഡൻഷ്യൽ സർട്ടിഫിക്കറ്റ് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷനിൽ നിന്ന്.

(iv) BPL സർട്ടിഫിക്കറ്റ് പഞ്ചായത്തിൽ നിന്നും

(v) വർക്കേഴ്സ് വെൽഫെയർ ബോർഡിൽ നിന്നുള്ള രജിസ്ട്രേഷൻ കാർഡ്/നിലവിലുള്ള തൊഴിൽ ദാതാവ്/ലേബർ ഓഫീസർ എന്നിവരിൽ നിന്നുള്ള സർട്ടിഫിക്കറ്റ്

(vi) റേഷൻ കാർഡിന്റെ പകർപ്പ്/കുടുംബത്തിലെ അംഗങ്ങളെ സംബന്ധിച്ചുള്ള സർട്ടിഫിക്കറ്റ് (വില്ലേജ് ഓഫീസറിൽ നിന്നും )

### (2) സാഫല്യം ഭവന പദ്ധതി

(i) ഗുണഭോക്താവിന് സ്വന്തമായി ഭൂമിയോ, ഫ്ളാറ്റോ, വീടോ ഇല്ലെന്നുള്ള തഹസീൽദാരിൽ നിന്നുള്ള സർട്ടിഫിക്കറ്റ്.

(ii) നാഷണാലിറ്റി സർട്ടിഫിക്കറ്റ്.

(iii) ജനന തീയതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്.

(iv) പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവരാണെന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ്.

(v) ദാരിദ്ര്യ രേഖയ്ക്കു താഴെയാണെന്നു കാണിക്കുന്ന സർട്ടിഫിക്കറ്റ്.

(vi) ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖ.

### (3) ഗൃഹശ്രീ ഭവന പദ്ധതി

(1) ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

(2) വരുമാന സർട്ടിഫിക്കറ്റ് (വില്ലേജ് ഓഫീസറിൽ നിന്നും).

(3) വസ്തു കൈവശാവകാശ സർട്ടിഫിക്കറ്റ് ലൊക്കേഷൻ മാപ്പ് സഹിതം (വില്ലേജ് ഓഫീസറിൽ നിന്നും).

(4) വസ്തുവിന്റെ പ്രമാണം (സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്).

(5) റേഷൻകാർഡിന്റെ പകർപ്പ് (സ്വയം സാക്ഷ്യപ്പെടുത്തിയത്).

(6) 13 വർഷത്തെ കുടികട സർട്ടിഫിക്കറ്റ്.

(7) ഭവനരഹിതനാണെന്നതിന് വില്ലേജ് ഓഫീസറിൽ /പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നുള്ള സർട്ടിഫിക്കറ്റ്

(8) ഭവനനിർമ്മാണത്തിനായി മുമ്പ് സർക്കാർ ധനഹായം ലഭ്യമായിട്ടില്ല എന്ന് കാണിക്കുന്ന വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ്.

(9) പോക്കു വരവ് ചെയ്ത ശേഷം കരം ഒടുക്കിയ രസീതും, തണ്ടപ്പേർ സർട്ടിഫിക്കറ്റും.

(10) ബാങ്ക് പാസ്സ് ബുക്കിന്റെ അക്കൗണ്ട് നമ്പരും, പേരും, വ്യക്തമാക്കുന്ന ഫോട്ടോ കോപ്പി.

(11) ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് (SC/ST വിഭാഗത്തിന് മാത്രം).